# അടിയനിതാ  അടിയനെ അയക്കേണമേ

സാക് പുന്നൻ

WFTW 05 ജൂലൈ  2015

യെശയ്യാവ് ആറാം അധ്യായത്തിൽ, യെശയ്യാവിന് സിംഹാസനത്തിന്റെയും യാഗപീഠത്തിന്റെയും ഒരു ദർശനം ഉണ്ടായി. അനന്തരം യഹോവ ചോദിച്ചു: ''ഞാൻ ആരെ അയക്കേണ്ടു. ആർ നമുക്കു വേണ്ടി പോകും?'' (യെശ. 6:8). യെശയ്യാവ് ഇപ്രകാരം മറുപടി പറഞ്ഞു, 'അടിയൻ ഇതാ അടിയനെ അയക്കേണമേ.'

സിംഹാസനവും യാഗപീഠവും, ഇതു രണ്ടിനെയും നാം നിരന്തരമായി കാണേണ്ടതുണ്ട്. ഒന്നാമതായി ദൈവത്തിന്റെ വിശുദ്ധിയുടെ ദർശനത്താൽ നാം പൊടിയിലേക്ക് വീഴ്ത്തപ്പെടേണ്ടതുണ്ട്. അതിനുശേഷം യാഗപീഠത്തിൽ നിന്നുള്ള രക്തം നമ്മെ ശുദ്ധീകരിച്ചിരിക്കുന്നതിനാൽ നാം ഉയർത്തപ്പെടുകയും വേണം. അപ്പോൾ മാത്രമേ നമുക്ക് മുന്നോട്ടു ചെന്നു കർത്താവിനെ സേവിക്കുവാൻ സാധിക്കുകയുള്ളു. ദൈവം നമ്മെ അയയ്ക്കുന്നില്ലെങ്കിൽ നമുക്കു മുന്നേറുവാൻ കഴിയുകയില്ല. ദൈവം നമ്മെ അയക്കാതെ നാം പോയാൽ, അപ്പോൾ നാം വൃഥാ അദ്ധ്വാനിക്കുന്നവരായിരിക്കും.

അനേകം 'ക്രിസ്തീയ വേലക്കാരും ദൈവത്താൽ അയക്കപ്പെട്ടിട്ടില്ല. ഏതെങ്കിലും സംഘടനയോ അല്ലെങ്കിൽ ഏതെങ്കിലും മനുഷ്യനോ ആയിരിക്കും അവരെ അയച്ചിട്ടുള്ളത്. അല്ലെങ്കിൽ ചിലപ്പോൾ അവരുടെ സ്വന്ത ഇഷ്ടത്തിൽ പോയിട്ടുള്ളതായിരിക്കാം. ക്രിസ്തീയ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് വളരെ എളുപ്പമാണ്. കാരണം അതിനുള്ള ആവശ്യം അത്രയും വലിയതാണ്. എന്നാൽ അതിന്റെ ഫലം നിത്യത മുഴുവൻ നിലനിൽക്കണമെങ്കിൽ, ദൈവം തന്നെ നമ്മെ അയയ്ക്കണം. ദൈവത്തിൽ നിന്ന് നാം പ്രാപിച്ച വിളിയെ സ്ഥിരീകരിക്കുവാൻ മറ്റു ദൈവപുരുഷന്മാർക്കു കഴിയും  എന്നാൽ അവർക്കു നമ്മെ വിളിക്കുവാൻ കഴിയുകയില്ല.

ദൈവം തന്റെ ശുശ്രൂഷയ്ക്കായി ശൗലിനെയും ബർണബാസിനെയും വിളിച്ചു. പിന്നീട് ആ വിളിയുടെ സ്ഥിരീകരണം വന്നത് മറ്റു പ്രവാചകന്മാരിലൂടെയാണ് (അപ്പൊ. പ്ര. 13:14). തന്നെയുമല്ല ദൈവം നമ്മെ വിളിക്കുമ്പോൾ, എന്തുപറയണെന്ന് കൂടെ അവിടുന്ന് നമ്മോടു പറയും. അവിടുന്ന് യെശയ്യാവിനോട് അരുളിച്ചെട്തു ''നീ ചെന്ന് ഈ ജനത്തോട് പറയേണ്ടത്... '' (യെശ. 6:9).

യെശയ്യാവിന്റെ സമയത്ത് അവിടുന്ന് എങ്ങനെ ആയിരുന്നോ അതുപോലെ തന്നെയാണ് ദൈവം ഇന്നും. പുതിയ ഉടമ്പടിയുടെ കീഴിൽ, പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയങ്ങളിൽ വസിക്കുന്നതിനാൽ, യെശയ്യാവ് അന്ന് അവിടുത്തെ കേട്ടതുപോലെ ഇപ്പോൾ നാം നമ്മുടെ ശാരീരിക കാതുകൾ കൊണ്ട് കേൾക്കുന്നില്ല. ഇന്നു നാം അവിടുത്തെ കേൾക്കുന്നത് നമ്മുടെ ഹൃദയങ്ങളിലാണ്. എന്നാൽ അവിടുത്തെ ശബ്ദത്തിന് ഒട്ടും തെറ്റു പറ്റുകയില്ല. ഞാൻ ഒരിക്കലും കർത്താവിന്റെ ശബ്ദം എന്റെ ശാരീരിക കാതുകൾ കൊണ്ട് സ്ഫുടമായി കേൾക്കുകയോ, അവിടുത്തെയോ ഒരു മാലാഖയെയോ എന്റെ ശാരീരിക നേത്രങ്ങൾ കൊണ്ട് കാണുകയോ ചെയ്തിട്ടില്ല. എന്നാൽ കഴിഞ്ഞ അഞ്ചു ദശകങ്ങളിൽ ഞാൻ അനേകം തവണ എന്റെ ഹൃദയത്തിൽ അവിടുത്തെ വ്യക്തമായി കാണുകയും അവിടുത്തെ കേൾക്കുകയും ചെയ്തിട്ടുണ്ട്.

തങ്ങളുടെ ശാരീരിക കണ്ണുകൾ കൊണ്ട് അവിടുത്തെ കണ്ടു വിശ്വസിച്ചവരെക്കാൾ, അവിടുത്തേ കാണാതെ വിശ്വസിച്ചവരാണ് കൂടുതൽ ഭാഗ്യവാന്മാർ എന്നു യേശു പറഞ്ഞു (യോഹ. 20:29).

കർത്താവ്, യെശയ്യാവിനെ ഏൽപിച്ച നിയോഗം വളരെ പ്രയാസമുള്ള ഒന്നായിരുന്നു. അവിടുന്ന് അദ്ദേഹത്തോട് അരുളിച്ചെയ്തത് ''നീ ചെന്ന് ഈ ജനത്തോട് പറയേണ്ടത് 'നിങ്ങൾ എന്റെ വാക്കുകൾ ആവർത്തിച്ചു കേട്ടിട്ടും തിരിച്ചറിയുകയില്ല, നിങ്ങൾ കണ്ടിട്ടും ഗ്രഹിക്കുകയില്ല. അവർ കണ്ണുകൊണ്ടു കാണുകയോ, ചെവികൊണ്ട് കേൾക്കുകയോ, ഹൃദയം കൊണ്ട് ഗ്രഹിക്കുകയോ മനസ്സു തിരിഞ്ഞ് സൗഖ്യം പ്രാപിക്കുകയോ ചെയ്യാതെ ഈ ജനത്തിന്റെ ഹൃദയത്തെ ഗ്രഹണ ശക്തി ഇല്ലാത്തതാക്കി തീർക്കുക; അവരുടെ കാതുകളെ മന്ദമാക്കുക, കണ്ണുകൾക്കു മൂടുലുണ്ടാക്കുക'' (യെശ. 6:9,10). യേശു ജനങ്ങളോട്

ഉപമകളായി സംസാരിക്കുന്നതെന്തുകൊണ്ടാണ് എന്ന് വിശദീകരിച്ചുകൊണ്ടിരുന്നപ്പോൾ അവിടുന്ന് ഉദ്ധരിച്ചത് ഈ വാക്യമാണ് (മത്താ. 13:5).

അതുകൊണ്ട് നാം ഇവിടെ എന്താണ് കാണുന്നത്? ദൈവത്തിന്റെ ഒരു ദർശനം, സ്വയത്തിന്റെ ഒരു ദർശനം, ക്ഷമിക്കുന്ന കൃപയുടെ ഒരു ദർശനം, അഭിഷേകം ചെയ്യപ്പെട്ട ശുശ്രൂഷയുടെ ഒരു ദർശനം, ഒടുവിലായി ഫലത്തിന്റെ ഒരു ദർശനവും (യെശ. 6:13). നാശത്തിനിരയായ യഹൂദജനതയിൽ നിന്ന് ഒരു വിശുദ്ധ സന്തതി ഉത്ഭവിക്കും. നമ്മുടെ ശുശ്രൂഷയിലൂടെ കർത്താവിനായി ഒരു ശേഷിപ്പ് ഉയർത്തപ്പെടും.